**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5066** **20-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ണ് ഖനനം നടത്തുന്നതിന് ആവശ്യമായ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഗാർഹിക ആവശ്യത്തിനോ കച്ചവട വ്യവസായ ആവശ്യത്തിനോ മണ്ണ് ഖനനം നടത്തുന്നതിന് ലഭ്യമാക്കേണ്ട അനുമതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | ഗാർഹിക ആവശ്യങ്ങൾക്ക് സാധാരണ മണ്ണ് ഖനനം നടത്തുനതിന് 2023-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് പ്ലാൻ (നീക്കം ചെയ്യേണ്ട മണ്ണിന്റെ അളവും മറ്റും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ) , വില്ലേജ് ഓഫീസിൽ നിന്നുള്ള ലൊക്കേഷൻ മാപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, 2023-ലെ കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള അഫിഡവിറ്റുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. നിർദ്ദിഷ്ട വസ്തുവിൽ നിന്നും ഖനനം ചെയ്യുന്ന മണ്ണ് പുറത്തേക്ക് ട്രാൻസ്പോർട്ട് ചെയ്യേണ്ട അവസരങ്ങളിൽ മേൽ പരാമർശിച്ച രേഖകൾ സഹിതം ഫോറം 'S' -ൽ മൂവ്മെന്റ് പെർമിറ്റ് (ഫോറം O(A) -ലെ ആവശ്യമായ എണ്ണത്തിലുള്ള മിനറൽ ട്രാൻസിറ്റ് പാസ്സുകൾ സഹിതം ) - നേടുന്നതിനായുള്ള അപേക്ഷ, നിർദ്ദിഷ്ട കെട്ടിടം 3000 ചതുരശ്ര അടി വരെയുള്ള കേസുകളിൽ, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപന സെക്രട്ടറിക്കും 3000 ചതുരശ്ര അടിക്ക് മുകളിലുള്ള കെട്ടിടമാണെങ്കിൽ ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റിനും സമർപ്പിക്കേണ്ടതാണ്. പാരിസ്ഥിതികാനുമതി ആവശ്യമുള്ള 20000 ചതുരശ്ര അടിക്ക് മുകളിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് ക്വാറിയിംഗ് പെർമിറ്റിന് അപേക്ഷിക്കേണ്ടതാണ്.<br><br>വ്യാവസായികാടിസ്ഥാനത്തിൽ മണ്ണ് നീക്കം ചെയ്യുന്നതിന് വില്ലേജ് ഓഫീസിൽ നിന്നുള്ള ഡിമാർക്കേഷൻ സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ്, സർവ്വേ സ്കെച്ച്, ചട്ടങ്ങൾ പ്രകാരം ആവശ്യമായ പാരിസ്ഥിതികാനുമതി, അംഗീകരിച്ച |

| | | | |
|---|---|---|---|
| | | | മൈനിങ് പ്ലാൻ അഫിഡവിറ്റുകൾ എന്നിവയാണ് ഹാജരാക്കേണ്ടത്. കെട്ടിടാവശ്യത്തിനുള്ള മണ്ണ് നീക്കം ചെയ്യുന്നത് പഞ്ചായത്ത് നിഷ്കർഷിക്കുന്ന അളവിലും, പ്ലാനിന്റെ അടിസ്ഥാനത്തിലുമാണ്. മേൽ വ്യവസ്ഥകൾ പാലിക്കുന്ന കേസുകളിലാണ് മണ്ണ് നീക്കം ചെയ്യുന്നതിന് റോയൽറ്റി ഈടാക്കി ജില്ലാ ജിയോളജിസ്റ്റ് ട്രാൻസിസ്റ്റ് പാസ് അനുവദിക്കുന്നത്. |
| (ബി) | അനധികൃതമായി മണ്ണെടുക്കുന്ന പരാതി നൽകുന്നതിന് അപേക്ഷകൻ ഏതൊക്കെ ഓഫീസുകളെയാണ് സമീപിക്കേണ്ടത് എന്നറിയിക്കാമോ; ഇത്തരത്തിൽ പരാതി ലഭിക്കുന്നപക്ഷം വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും പരാതി നൽകിയതിനുശേഷവും മണ്ണ് ഖനനം തുടരുന്ന സാഹചര്യത്തിൽ അപേക്ഷകന് നീതി ലഭിക്കുന്നതിന് എന്തൊക്കെ വഴികളാണ് ഉള്ളതെന്നും അറിയിക്കാമോ; | (ബി) | അനധികൃതമായി സ്വകാര്യ ഭൂമിയിൽ നിന്ന് മണ്ണ് ഖനനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 108 (2) പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>അനധികൃതമായി മണ്ണെടുക്കുന്ന പരാതിയിൽ നടപടി സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർ റാങ്ക് മുതൽ മേലോട്ടുള്ള റവന്യൂ ഉദ്യോഗസ്ഥരെയും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്ക് മുതൽ മേലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെയും മിനറൽ റവന്യൂ ഇൻസ്പെക്ടർ റാങ്കിന് മുകളിലുള്ള മൈനിങ് ആൻഡ് ജിയോളജി വകുപ്പിലെ ഉദ്യോഗസ്ഥരെയും അവരവരുടെ അധികാരപരിധിയിൽ അധികാരപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഓഫീസുകളിലോ സർക്കാരിനോ പരാതി നൽകാവുന്നതാണ്. പ്രസ്തുത പരാതിയിൻമേൽ സ്വീകരിക്കുന്ന നടപടികൾക്ക് എതിരെ നിയമാനുസൃതമായ അപ്പീൽ/റിവിഷൻ സമർപ്പിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധാരണ മണ്ണ് നീക്കം ചെയ്യുവാൻ അനുമതി നൽകുന്ന സംഗതികളിൽ തുടർനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ ജിയോളജിസ്റ്റിനോട് മേൽപ്പടി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആവശ്യപ്പെടാവുന്നതുമാണ്.<br><br>അനധികൃത മണ്ണ് ഖനനം നടത്തുന്ന വിഷയം ശ്രദ്ധയിൽപ്പെടുന്ന പക്ഷം അവയ്ക്ക് KMMC ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് ഖനനം നിർത്തൽ ഉത്തരവ് നൽകുകയും അനധികൃത ഖനനം ചെയ്ത് കടത്തിയ ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി സ്ഥലഉടമയിൽ നിന്നും റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് എന്നിവ ഈടാക്കുന്നതിനായി മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും ആയത് ഒടുക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. |
| (സി) | മണ്ണ് ഖനനം നടത്തുമ്പോൾ അടുത്തുള്ള വീടുകൾക്കും സ്വത്തിനും തകരാർ ഇല്ലാതെ | (സി) | കെട്ടിട നിർമാണത്തിന്റെ ഭാഗമായി മണ്ണ് ഖനനം നടത്തുമ്പോൾ അടുത്തുള്ള വീടുകൾക്കും സ്വത്തിനും തകരാർ ഇല്ലാതെ സംരക്ഷിക്കണം എന്നത് |

| | | | |
|---|---|---|---|
| | സംരക്ഷിക്കുന്നതിനായി എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ; വിശദമാക്കാമോ; | | ഡെവലപ്മെന്റ് പ്ലാൻ/ബിൽഡിംഗ് പ്ലാനിൽ വ്യക്തമായി രേഖപ്പെടുത്താറുണ്ട്. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ക്വാറിയിങ് പെർമിറ്റ് അനുവദിക്കുന്ന വേളയിൽ സമീപ വീട്ടുകൾ, പൊതുസ്ഥാപനങ്ങൾ, പൊതു നിരത്ത് എന്നിവയിൽ നിന്നും 50 മീറ്റർ ദൂരപരിധി പാലിച്ചാണ് അനുമതികൾ നൽകുന്നത്. സമീപ വസ്തുക്കളിൽ നിന്നും വസ്തു ഉടമകളുടെ സമ്മതപത്രം ഹാജരാക്കിയില്ലെങ്കിൽ 25 മീറ്റർ ദൂരപരിധിയും പാലിക്കുന്നതിന് ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. ദേശീയ പാതയുടെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് ദൂരപരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ ഒഴിവാക്കിയിട്ടുള്ളതും, അപേക്ഷ സ്ഥലത്ത് ശാസ്ത്രീയമായി സാധ്യമാവുമെന്ന് ദേശീയ പാതയുടെ എഞ്ചിനീയറും, ജിയോളജിസ്റ്റും അംഗീകരിക്കേണ്ടതും അംഗീകരിച്ച രേഖകൾ ഹാജരാക്കേണ്ടതുമാണ്. |
| (ഡി) | വടകര താലൂക്കിൽ മണ്ണ് ഖനനവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടെന്നും ഈ അപേക്ഷകളിൽ എന്നാണ് തീർപ്പ് കൽപ്പിക്കുകയെന്നും വിശദമാക്കാമോ? | (ഡി) | വടകര താലൂക്കിൽ മണ്ണ് ഖനനവുമായി ബന്ധപ്പെട്ട് 6 അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുവാൻ ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകളിന്മേൽ ചട്ടങ്ങൾ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ